# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3102** **18.10.2016- ൽ മറുപടിക്ക്**

**കുത്താമ്പുള്ളിയിലെ കൈത്തറി നെയ്ത്ത് പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.യു.ആർ.പ്രദീപ് | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ചേലക്കര നിയോജക മണ്ഡലത്തിലെ കുത്താമ്പുള്ളി പ്രദേശം തറികളിൽ നെയ്തുണ്ടാക്കുന്ന കൈത്തറിത്തുണികൾക്ക് പ്രശസ്തമായ പ്രദേശമാണ് എന്നത് വ്യവസായവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ കുത്താമ്പുള്ളിയിൽ എത്ര പേർ കൈത്തറി നെയ്ത്തുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നുണ്ട്;ഒരു വർഷം എത്ര കോടി രൂപയുടെ കൈത്തറിത്തുണികൾ ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ട്; ഒരു തൊഴിലാളിക്ക് ലഭിക്കുന്ന ശരാശരി ദിവസ വേതനം എത്ര രൂപയാണ്; വ്യവസായ വകുപ്പ് ഇതുസംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; | (ബി) കുത്താമ്പുള്ളി പ്രദേശത്തെ കുത്താമ്പുള്ളി, തിരുവില്വാമല, എരവത്തൊടി എന്നീ കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിലായി ഇപ്പോൾ 278 നെയ്ത്തുകാർ തൊഴിൽ ചെയ്യുന്നു. ഇതു കൂടാതെ വ്യവസായവകുപ്പിന്റെ ക്ലസ്റ്ററിൽ ഉൾപ്പെടാതെ സ്വകാര്യ മേഖലയിലും നിരവധി പേർ നെയ്ത്ത് തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ 3 സംഘങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആകെ 3,71,45,746/- രൂപയുടെ വിറ്റുവരവാണ് നേടിയിട്ടുള്ളത്. വിവിധ കൈത്തറി ഉൽപന്നങ്ങൾ നെയ്യുന്ന ഒരു തൊഴിലാളിക്ക് ശരാശരി 350/- രൂപയാണ് ദിവസവേതനമായി ഇപ്പോൾ ലഭിക്കുന്നത്. ഇതോടൊപ്പം അധിക ഉൽപാദനത്തിന് പ്രൊഡക്ഷൻ ഇൻസെന്റീവ്, ശരാശരി വേതനം ലഭിക്കുന്നതിന് ഇൻകം സപ്പോർട്ട് പദ്ധതി എന്നിവ വകുപ്പുതലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>തൊഴിലാളികളുടെ മിനിമം വേതനം കാലാകാലങ്ങളിൽ പരിഷ്ക്കരിച്ച് നിശ്ചയിക്കുന്നതിനും ഏകീകൃത കൂലി സമ്പ്രദായം നടപ്പിലാക്കുന്നതിനും ജില്ലയിലെ സംഘങ്ങളിലെ ഭരണ സമിതിയുമായി ആലോചിച്ച് ഉചിതമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| (സി) കുത്താമ്പുള്ളി കൈത്തറി തുണികൾക്ക് മികച്ച മേന്മയുണ്ടായിട്ടും വർദ്ധിച്ച ഉത്പാദന ചെലവു മൂലം മേന്മ കുറഞ്ഞതും വിലകുറഞ്ഞതുമായ യന്ത്രത്തറി തുണികളോട് കമ്പോളത്തിൽ മത്സരിക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) കുത്താമ്പുള്ളിയിലെ കൈത്തറി നെയ്ത്തുകാരെ വ്യവസായവകുപ്പിന്റെ ഇടപെടലിലൂടെ ഏകോപിപ്പിച്ച് സംസ്ഥാനത്തെ ടൗണുകളിലും വിനോദസഞ്ചാരമേഖലകളിലും സ്റ്റാളുകൾ അനുവദിക്കാനും ഗുണമേന്മയേറിയ തുണിത്തരങ്ങളുടെ വില്പന ത്വരിതപ്പെടുത്താനും അതിലൂടെ തൊഴിലാളികൾക്ക് മികച്ച വേതനം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ഡി) കൈത്തറി വസ്ത്രങ്ങളുടെ പ്രചരണാർത്ഥം ജില്ലയിൽ വ്യവസായവകുപ്പ് നടത്തുന്ന എല്ലാ പ്രധാന കൈത്തറി പ്രചരണ പരിപാടികളിൽ കുത്താമ്പുള്ളി ഭാഗത്തെ കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ വസ്ത്ര വിപണന മേളകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ, വിഷു എന്നീ ഉത്സവകാല സീസണുകളിൽ ജില്ലയിലും, മറ്റു ജില്ലകളിലും കൈത്തറി മേളകൾ സംഘടിപ്പിക്കുമ്പോൾ ഈ സംഘങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നു. സർക്കാരിന്റെ പുതിയ പദ്ധതിയായ സൗജന്യ സ്കൂൾ യൂണിഫോം തുണിത്തരങ്ങൾ നെയ്യുന്നതിനുള്ള പദ്ധതി സ്വീകരിച്ചു വരുന്നു. ആയതിലൂടെ കൂടുതൽ ഉൽപാദനത്തോടൊപ്പം വിൽപന ത്വരിതപ്പെടുത്തി അതിലൂടെ നെയ്ത്തു തൊഴിലാളികൾക്ക് മികച്ച വേതനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ